# കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ ഘടന

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങളുടെ അടിസ്ഥാനത്തിൽ ക്രൈസ്തവ വിശ്വാസത്തെയും സൻമാർഗ്ഗത്തെയുംക്കുറിച്ചുള്ള സമഗ്രവും സംപൂർണ്ണവുമായ ഒരു പഠനമാണു കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം.

വിശ്വാസപരിശീലനത്തെ നാല് അടിസ്ഥാനസ്തംഭങ്ങളിൽ പണിതുയർത്തിയ ട്രെന്റ് കൗൺസിലിന്റെ മതബോധനഗ്രന്ഥം പോലെ (1566 ലെ റോമൻ കാറ്റെക്കിസം ) ഈ മതബോധനഗ്രന്ഥവും നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മാമ്മോദീസായിലെ വിശ്വാസപ്രഖ്യാപനം (വിശ്വാസപ്രമാണം), വിശ്വാസത്തിന്റെ ആഘോഷങ്ങൾ (കൂദാശകൾ), വിശ്വാസത്തിന്റെ ജീവിതം (പത്തു കൽപനകൾ), വിശ്വാസികളുടെ പ്രാർത്ഥന (കർത്തൃപ്രാർത്ഥന) ഇവയാണു ഈ നാലുസ്തംഭങ്ങൾ. ഇവയെ മതബോധനഗ്രന്ഥത്തിന്റെ ചതുർസ്തംഭങ്ങൾ എന്നാണു വിശേഷിപ്പിക്കുന്നത്.

ഈ നാലു ഭാഗങ്ങളും പരസ്പരം ബന്ധപ്പെട്ടവയാണ്. ക്രിസ്തീയരഹസ്യമാണു വിശ്വാസത്തിന്റെ വിഷയം (ഭാഗം ഒന്ന്); ഇത് ആരാധനാകർമങ്ങളിൽ ആഘോഷിക്കപ്പെടുകയും പകർന്നുകൊടുക്കപ്പെടുകയും ചെയ്യുന്നു (ഭാഗം രണ്ട്); ദൈവമക്കളെ അവരുടെ പ്രവൃത്തികളിൽ പ്രകാശിപ്പിക്കുകയും പരിരക്ഷിക്കുകയും ചെയ്യാൻ സന്നിഹിതമാണിത് (ഭാഗം മൂന്നാം); ഇതു നമ്മുടെ യാചനയെയും സ്തുതിയെയും മദ്ധ്യസ്ഥപ്രാർത്ഥനയെയും പ്രധാനമായി പ്രകാശിപ്പിക്കുന്ന "സ്വർഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥനയെ ഉൾക്കൊള്ളുന്ന നമ്മുടെ ക്രിസ്തീയ പ്രാർത്ഥനയെ പ്രചോദിപ്പിക്കുന്നു (ഭാഗം നാല്).

ഓരോ ഭാഗത്തിനും രണ്ടു ഉപവിഭാഗങ്ങൾ (ഖണ്ഡങ്ങൾ) വീതം ഉണ്ട്. ഒന്നാം ഉപവിഭാഗം വിഷയത്തിന്റെ അടിസ്ഥാനപ്രമേയം പ്രതിപാദിക്കുമ്പോൾ രണ്ടാം ഉപവിഭാഗം അതിൽ ഉൾക്കൊള്ളുന്ന പ്രത്യേക പ്രമേയങ്ങൾ വിവരിക്കുന്നു. മതബോധനഗ്രന്ഥത്തിന്റെ ഓരോ ഉപവിഭാഗവും വീണ്ടും അധ്യായങ്ങളായി തിരിക്കപ്പെട്ടിരിക്കുന്നു. അധ്യായങ്ങൾ വീണ്ടും വകുപ്പുകളായും വകുപ്പുകൾ ഖണ്ഡികകളായും വിഭജിക്കപ്പെട്ടിരിക്കുന്നു. ഖണ്ഡികകൾക്കെല്ലാം ആരംഭം മുതൽ നമ്പറുകൾ നല്കിയിട്ടുണ്ട്. ഇങ്ങനെ മതബോധനഗ്രന്ഥത്തിൽ 2865 ഖണ്ഡിക കളാണുള്ളത്. ഓരോ വിഷയത്തെക്കുറിച്ചും പ്രതിപാദിക്കുമ്പോൾ മാർജിനിൽ നല്കിയിരിക്കുന്ന റഫറൻസ് നമ്പറുകൾ പ്രസ്തുത വിഷയത്തെക്കുറിച്ച് ഏതെല്ലാം ഇതര ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട് എന്നു മനസ്സിലാക്കാൻ സഹായിക്കുന്നു.

വകുപ്പുകളുടെ അവസാനം നല്കിയിരിക്കുന്ന സംഗ്രഹം ഓരോ വകുപ്പുകളെക്കുറിച്ചുമുള്ള ഹ്രസ്വവിവരണം നല്കുന്നു. ഇങ്ങനെ 545 സംഗ്രഹങ്ങളാണ് മതബോധനഗ്രന്ഥത്തിലുള്ളത്. ഈ ഗ്രന്ഥത്തിന്റെ അവസാനം നല്കിരിക്കുന്ന വിഷയസൂചി ഓരോ വിഷയവും മതബോധനഗ്രന്ഥത്തിൽ എവിടെയെല്ലാം പ്രതിപാദിച്ചിരിക്കുന്നു എന്നു കണ്ടെത്താൻ സഹായിക്കുന്നു.

ഈ മതബോധനഗ്രന്ഥത്തിൽ ബൈബിൾ വാക്യങ്ങൾ പൂർണ്ണമായും ഉദ്ധരിക്കാതെ അവയിലേക്ക് ഒരു സൂചന (റഫറൻസ്) നല്കുകയാണ് ചെയ്യുന്നത്. ഉദ്ധൃദ്ധൃതവാക്യങ്ങളുടെ അർത്ഥം കൂടുതൽ ആഴത്തിൽ ഗ്രഹിക്കുന്നതിനു പഠിതാവ് ആ വാക്യങ്ങൾ വി.ഗ്രന്ഥത്തിൽ നിന്നുതന്നെ വായിക്കേണ്ടതുണ്ട്. ഈ ഗ്രന്ഥത്തിന്റെ ചില ഭാഗങ്ങൾ ചെറിയ അക്ഷരങ്ങളിൽ അച്ചടിക്കുന്നതിന്റെ സൂചന അവ ചരിത്രപരവും വിശ്വാസപരവുമായ നിരീക്ഷണങ്ങളോ വിശ്വാസപ്രബോധനപരമായ അനുബന്ധ വിശദീകരണങ്ങളോ ആകുന്നു എന്നാണ്. ചെറിയ അക്ഷരങ്ങളിൽ അച്ചടിച്ചിട്ടുള്ള സഭാപിതാക്കൻമാർ, ആരാധനക്രമം, സഭയുടെ ആധികാരിക പ്രബോധനം, വിശുദ്ധരുടെ ജീവചരിത്രങ്ങൾ എന്നീ ഉറവിടങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ ക്രൈസ്തവ വിശ്വാസപ്രബോധനാവതരണത്തെ കൂടുതൽ ധന്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കൂടുതൽ വിശദീകരണങ്ങൾ ആവശ്യമായിരിക്കുന്നിടത്തു മേല്പറഞ്ഞ ഉറവിടങ്ങൾ റഫർ ചെയ്യുന്നതിനുള്ള സൂചനകളും അതാതു പേജുകളുടെ അവസാനം മതബോധനഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തെക്കുറിച്ചു ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നത് "കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വായിക്കുമ്പോൾ ദൈവരഹസ്യത്തിന്റെ ആശ്ചര്യകരമായ ഐക്യം, അവിടുത്തെ രക്ഷാകരപദ്ധതി, അതുപോലെ തന്നെ യേശുക്രിസ്തുവിനുള്ള മുഖ്യസ്ഥാനം എന്നിവ ഗ്രഹിക്കാൻ കഴിയും. പിതാവിനാൽ അയയ്ക്കപ്പെട്ട ദൈവത്തിന്റെ ഏകജാതനായ അവിടുന്നു നമ്മുടെ രക്ഷകനാകാൻവേണ്ടി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരി.കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യനായി അവതരിച്ചു. മരിച്ച് ഉത്ഥാനംചെയ്ത അവിടുന്നു സഭയിൽ, വിശിഷ്യ കൂദാശകളിൽ സദാ സന്നിഹിതനാണ്; അവിടുന്നാണു നമ്മുടെ വിശ്വാസത്തിന്റെ ഉറവിടവും ക്രൈസ്തവജീവിതത്തിന്റെ മാതൃകയും, നമ്മുടെ പ്രാർത്ഥനയുടെ ഗുരുവും അവിടുന്നുതന്നെ" (വിശ്വാസനിക്ഷേപം- ജോൺ പോൾ രണ്ടാമൻ മാർപാപ്പ).